മുൻ നിയമസഭാംഗവും മന്ത്രിയുമായിരുന്ന ദാമോദരൻ കാളാശ്ശേരി 2019 ജൂലൈ 12-ന് അന്തരിച്ചു. കുഞ്ഞൻ വൈദ്യരുടേയും ചീര കുഞ്ഞന്റെയും മകനായി 1932 മാർച്ച് 8-ന് ദാമോദരൻ കാളാശ്ശേരി ജനിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതാവായിരുന്ന അദ്ദേഹം 1970-ലും 1977-ലും യഥാക്രമം നാല്, അഞ്ച് കേരള നിയമസഭകളിൽ പന്തളം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. 1978-ലെ പി.കെ. വാസുദേവൻ നായർ മന്ത്രിസഭയിൽ പട്ടികജാതി, സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയായിരുന്നു. സാമൂഹ്യപ്രവർത്തകനായും പത്രാധിപരായും വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം രാഷ്ട്രശബ്ദം ദ്വൈവാരികയുടെ പ്രിന്ററും പബ്ലിഷറും ആയിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാൻ, പട്ടികജാതി അഡ്വൈസറി കമ്മിറ്റി അംഗം, അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി അംഗം, കെ.പി.സി.സി ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിന് പി.എസ്.സി. അപേക്ഷ സൗജന്യമാക്കിയതും വെള്ളയമ്പലത്ത് അയ്യൻകാളി പ്രതിമ സ്ഥാപിക്കാൻ സ്ഥലം ഏറ്റെടുത്തതും ദാമോദരൻ കാളാശ്ശേരി മന്ത്രിയായിരുന്നപ്പോഴാണ്.

ദാമോദരൻ കാളാശ്ശേരിയുടെ നിര്യാണത്തോടെ സാധാരണക്കാർക്കൊപ്പം നിന്ന ഒരു മികച്ച പൊതു പ്രവർത്തകനെയും കഴിവുറ്റ ഒരു സാമാജികനെയുമാണ് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## III. സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ

നിയമസഭാ സെക്രട്ടറി (ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ): സർ, 2019 ഒക്ടോബർ 21-ലെ ഉപതെരഞ്ഞെടുപ്പിൽ 114-കോന്നി അസംബ്ലി നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ. യു. ജനീഷ്കുമാർ, 2001-മഞ്ചേശ്വരം അസംബ്ലി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എം. സി. കമറുദ്ദീൻ, 133- വട്ടിയൂർക്കാവ് അസംബ്ലി നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. വി. കെ. പ്രശാന്ത്, 102 - അരൂർ അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഷാനിമോൾ ഉസ്മാൻ, 82-എറണാകുളം അസംബ്ലി നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ടി. ജെ. വിനോദ് എന്നിവർ സത്യപ്രതിജ്ഞയ്ക്കായി സഭയിൽ സന്നിഹിതരായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. യു. ജനീഷ്കുമാർ</u>: കെ. യു. ജനീഷ്കുമാർ ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: (കന്നഡ ഭാഷയിൽ സത്യപ്രതിജ്ഞ ചെയ്തു.)

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: വി. കെ. പ്രശാന്ത് ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: ഷാനിമോൾ ഉസ്മാൻ ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും അള്ളാഹുവിന്റെ നാമത്തിൽ സത്യം ചെയ്യുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: ടി. ജെ. വിനോദ് ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും ദൈവനാമത്തിൽ സത്യം ചെയ്യുന്നു.

(സത്യപ്രതിജ്ഞയ്ക്കുശേഷം ബഹുമാനപ്പെട്ട അംഗങ്ങൾ സ്വസ്ഥാനത്ത് ഉപവിഷ്ടരായി.)

LIBRARY ARCHIVES Kerala Legislative Assembly